സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്ത് പൊതുമരാമത്ത് ജോലികൾക്ക് നിയന്ത്രണം

32 [5008] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്ത് പൊതുമരാമത്ത് ജോലികൾക്ക് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ വർഷത്തെ പദ്ധതിവിഹിതം എത്ര; ഇതിൽ ലോകബാങ്ക് പദ്ധതിക്കായി നീക്കിവച്ചത് എത്ര; നബാർഡ് പദ്ധതിക്കായി നീക്കിവച്ചത് എത്ര;

(ഡി) ഈ സാമ്പത്തിക വർഷം എത്ര ജോലികളാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; കഴിഞ്ഞ വർഷം ആരംഭിച്ച് തുടരുന്ന ജോലികൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ദേശീയപാതാവിഭാഗത്തിന് 920 ലക്ഷം, റോഡുകളും പാലങ്ങളും വിഭാഗത്തിൽ 274.37 കോടിയും, കെട്ടിട വിഭാഗത്തിൽ 99.94 കോടി രൂപയും ആണ്. ലോകബാങ്ക് പദ്ധതിയ്ക്കായി 155 കോടിയും നബാർഡ് പദ്ധതിയ്ക്ക് 24.71 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(ഡി) ദേശീയ പാതാ വിഭാഗത്തിൽ 71 എണ്ണം ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 35 പണികൾ കഴിഞ്ഞവർഷം ആരംഭിച്ചത് തുടരുന്നു.

മറ്റു വിഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

റോഡ് വികസനത്തിനുവേണ്ടി വകയിരുത്തിയ തുക

33 [5009] ശ്രീ. പി. ജെ. ജോയി:
,, ടി. എൻ. പ്രതാപൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly